चुनाव का पर्व
DESH KA GARV

# മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം, തിരുവനന്തപുരം

നം. ഇഇ1/44/2024-ഇലക്.
ഇലക്ഷൻ (എക്യൂപ്മെൻറ്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20-05-2024

## ക്വട്ടേഷൻ നോട്ടീസ്

ജില്ലാ ഇവിഎം വെയർ ഹൗസുകളിൽ സൂക്ഷിച്ചിട്ടുള്ള M-3 മോഡൽ ഇവിഎം /വി വി പാ റ്റ് മെഷീനുകൾ (ജില്ലാ അടിസ്ഥാനത്തിലുള്ള മെഷീനുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു) ബാംഗ്ലൂരിലുള്ള ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് ഫാക്ടറിയിലേക്ക് GPS ഘടിപ്പിച്ച covered വാഹനങ്ങളിൽ സുരക്ഷിതമായി കൊണ്ടുപോകുന്നതിനായി അംഗീകൃത ട്രാൻസ്പോർട്ടർമാരിൽ നിന്നും മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ഇവിഎം /വി വി പാ റ്റ് മെഷീനുകൾ കൊണ്ട് പോകുന്ന ട്രക്കുകൾ കണ്ടെയ്നർ രീതിയിലുള്ളതും ജി പി എസ് ട്രാക്കിങ് സൗകര്യം ഉണ്ടായിരിക്കുന്നതുമായിരിക്കണം. ഇവിഎം /വി വി പാ റ്റ് മെഷീനുകൾ വഹിക്കുന്ന വാഹനങ്ങളുടെ വിശദാംശങ്ങൾ ട്രക്ക് നം/ ഡ്രൈവറുടെ നം / റൂട്ട് മാപ് എന്നിവ സമർപ്പിക്കേണ്ടതാണ്. വർക്ക് ഓർഡർ ലഭിച്ച തീയതി മുതൽ 10 (പത്ത്) ദിവസത്തിനുള്ളിൽ ട്രാൻസ്പോർട് ചെയ്യുന്ന ജോലി പൂർത്തിയാക്കേണ്ടതാണ്.

ജില്ലകളിൽ നിന്നും ബാംഗ്ലൂരിലുള്ള ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് ഫാക്ടറിയിലേക്ക് M-3 ഇവിഎം/ വി വി പാ റ്റ് മെഷീനുകൾകൊണ്ടുപോകുന്നതിന് കയറ്റിറക്കുകൂലി ഉൾപ്പടെ ഒരു ട്രക്കിന്റെ ചാർജ് ടാക്സ് ഉൾപ്പെടെ എത്രയെന്ന് രേഖപ്പെടുത്തിയ മുദ്ര വച്ച ക്വട്ടേഷനുകൾ 27.05.2024 ന് വൈകുന്നേരം 3 മണിക്കകം ഇലക്ഷൻ (എക്വിപ്മെന്റ്) വകുപ്പിൽ ലഭിക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം 4 മണിക്ക് തുറക്കുന്നതാണ്. ക്വട്ടേഷൻ സമർപ്പിച്ചവർക്കോ അവരുടെ പ്രതിനിധിക്കോ അന്നേരം ഹാജരാകാവുന്നതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന ദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ക്വട്ടേഷനുകൾ തുറക്കുന്നതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ ഒരെണ്ണമായോ മുഴുവനായോ നിരസിക്കുവാനുള്ള അധികാരം താഴെ ഒപ്പ് വെച്ചിട്ടുള്ള ആളിൽ നിക്ഷിപ്തമായിരിക്കും.

'M-3 ഇ വി എം/ വി വി പാ റ്റ് മെഷീനുകൾ ബാംഗ്ലൂരിലുള്ള ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് ഫാക്ടറിയിലേക്ക് ട്രാൻസ്പോർട് ചെയ്യുന്നതിനായി 'എന്ന് ക്വട്ടേഷനിലും ക്വട്ടേഷൻ ഉള്ളടക്കം ചെയ്യുന്ന മുദ്ര വെച്ച കവറിലും രേഖപ്പെടുത്തേണ്ടതാണ്. സമയ പരിധിക്കു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട വിലാസം :

ചീഫ് ഇലക്ടറൽ ഓഫീസർ,
ഇലക്ഷൻ (എക്വിപ്മെന്റ്) വകുപ്പ്,
നിയമസഭാ മന്ദിരം, വികാസ് ഭവൻ,
തിരുവനന്തപുരം — 695 033.

അനീഷ് റ്റി

ADDITIONAL SECRETARY & ADDITIONAL
CHIEF ELECTORAL OFFICER

പകർപ്പ്

നോട്ടീസ് ബോർഡ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

| Sl. No. | District | Available non-functional units | | |
| --- | --- | --- | --- | --- |
| | | BU | CU | VVPAT |
| 1 | Thiruvananthapuram | 42 | 102 | 124 |
| 2 | Kollam | 64 | 287 | 147 |
| 3 | Pathanamthitta | 21 | 43 | 63 |
| 4 | Alappuzha | 35 | 173 | 330 |
| 5 | Kottayam | 19 | 56 | 125 |
| 6 | Idukki | 16 | 44 | 62 |
| 7 | Ernakulam | 28 | 90 | 203 |
| 8 | Thrissur | 21 | 79 | 136 |
| 9 | Palakkad | 16 | 30 | 61 |
| 10 | Malappuram | 48 | 87 | 219 |
| 11 | Kozhikode | 54 | 111 | 148 |
| 12 | Wayanad | 10 | 12 | 16 |
| 13 | Kannur | 43 | 130 | 139 |
| 14 | Kasaragod | 7 | 22 | 66 |
| | **TOTAL** | **424** | **1266** | **1839** |